"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കണ്ണൂർ ജില്ലയിലെ ചോലോറ പാലം പുനർ നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.600/2026/PWD തിരുവനന്തപുരം, തീയതി, 01-06-2026

---

പരാമർശം:-

1. 06.11.2020 തീയതിയിലെ സ.ഉ.(സാധാ)നം.925/2020/PWD
2. 19.02.2021 തീയതിയിലെ സ.ഉ.(സാധാ)നം.253/2021/PWD
3. 14.03.2023 തീയതിയിലെ സ.ഉ(സാധാ)നം.306/2023/PWD
4. 11.04.2025 തീയതിയിലെ സ.ഉ(അച്ചടി)നം.48/2025/FIN
5. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 18.01.2026 തീയതിയിലെ CEPWD/9855/2022-AB4-BR നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചോലോറ പാലം പുനർ നിർമ്മാണത്തിനായി പരാമർശം (1) പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ശീർഷകം മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ജി.എസ്.ടി. 12 ശതമാനത്തിൽ നിന്നും 18 ശതമാനമായി വർദ്ധിച്ചതിനാലും, നിരക്ക് പരിഷ്കരണത്താലും നിലവിലെ എസ്റ്റിമേറ്റ് പരിഷ്കരിക്കുകയും അതിൻപ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 260 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി "5054-80-800-66" എന്ന ശീർഷകത്തിൽ

അനുവദിച്ച് നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) ചോലോറ പാലം പുനർ നിർമ്മാണത്തിനായി നിലവിൽ DSoR 2021 പ്രകാരം തയ്യാറാക്കിയ (Cost Index 34.82% ) എസ്റ്റിമേറ്റ് പ്രകാരം തുക 276 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ടെന്നും പ്രസ്തുത തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതി 5054-04-101-99-00-16-PV എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്നും പരാമർശം (5) പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ചോലോറ പാലം പുനർ നിർമ്മാണത്തിനായി DSoR 2021 പ്രകാരം തയ്യാറാക്കിയ (Cost Index 34.82%) എസ്റ്റിമേറ്റ് പ്രകാരമുള്ള 276 ലക്ഷം രൂപയുടെ പുതിയ ഭരണാനുമതി പരാമർശം (4) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 5054-04-101-99-00-16-PV എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.

ധനകാര്യവകുപ്പ് (3460486/INPWC2/46/2026-FIN dated - 16.04.2026)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

കരുതൽ ഫയൽ - D1/72/2023-PWD.

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 01-06-2026 16:31:13

സെക്ഷൻ ഓഫീസർ